## (25.) കാരയ്ക്കാട് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1) **ഇടവക സ്ഥാപക വർഷം** – 1930 (കൊല്ലവർഷം 1105)

2) **ഇടവക മധ്യസ്ഥൻ** – വി.യൗസേഫ്

3) **ഇടവക സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രത്യേകം എടുത്തു പറയേണ്ട വ്യക്തികൾ/ കുടുംബങ്ങൾ:-**

പുനരൈക്യ പ്രവർത്തനങ്ങൾ 1930-ൽ മാന്തുക സെന്റ് തോമസ് യാക്കോബായ വലിയ പള്ളിയിലെ മെത്രാൻ കക്ഷി വിഭാഗിന്റെ വികാരിയായിരുന്ന ഫാ.ഗിവറുഗീസ് കിളന്നമണ്ണിൽ, കുരുമ്പിലേത്ത് വീട്ടിൽ കുഞ്ഞുമ്മൻ യോഹന്നാൻ, മുതലാകടവിൽ വീട്ടിൽ ഗിവറുഗീസ്, എന്നിവരും കുടുംബവുമാണ് ആദ്യമായി മലങ്കര റീത്തിൽ ചേരുന്നത്. സഭയുടെതായ യാതൊരു ഭൗതിക സാഹചര്യങ്ങളോ,ആസ്തികളോ ഇല്ലാതിരുന്നതിനാൽ, മാന്തുക ജംഗ്ക്ഷന് തെക്കുള്ള മുതലാംകടവിൽ കുടുംബത്തിന്റെ വക പുരയിടിലായിരുന്നു ദേവാലയം സ്ഥാപിച്ചത്. പുരയിടത്തിന്റെ ഒരു കോണിൽ ഓല മേഞ്ഞ ഷെഡ്ഡ് ദേവാലയമാക്കി രൂപപ്പെടുത്തി, അവിടെ വച്ചായിരുന്നു കുർബാന അർപ്പിച്ചിരുന്നത്. ഈ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ച ബഹുമാനപ്പെട്ട ഗിവറുഗീസ് കിളന്നമണ്ണിൽ അച്ചൻ ഇടവക സ്ഥാപകനായി അറിയപ്പെടുന്നു. 1931-ൽ മാന്തുക വലിയ പള്ളിയിലെ ബാവ കക്ഷി വിഭാഗിന്റെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ചാണ്ടപ്പിള്ള പമ്പൂരേത്ത് അച്ചനും കുടുംബവും മാർ ഈവാനിയോസ് തിരുമേനിയുടെ പ്രേരണയാൽ മലങ്കര റീത്തിലേക്ക് പുനരൈക്യപ്പെട്ടു. അച്ചനോടൊപ്പം മാന്തുക വലിയ പള്ളിയിൽ കൂടി നടന്നിരുന്ന നാൽപ്പതോളം കുടുംബങ്ങളും പുനരൈക്യപ്പെട്ടു. 1932-ൽ മലങ്കര കത്തോലിക്ക ഹൈരാർക്കി നിലവിൽ വന്നതോടെ മലങ്കര കത്തോലിക്ക സഭയുടെ ഒരു ഇടവക ദേവാലയം എന്ന സ്ഥാനം ലഭിക്കുകയും, ചാണ്ടപ്പിള്ള പമ്പൂരേത്ത് അച്ചൻ പ്രഥമ വികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. ദേവാലയം ഹൈരാർക്കി സ്ഥാപനത്തോടെ മലങ്കരയിലെ വിവിധ സഭാ വിഭാഗങ്ങളിൽ നിന്നും കത്തോലിക്ക സഭയിലേക്ക് വൈദികരുടേയും വിശ്വാസികളുടേയും വലിയ ഒഴുക്കുണ്ടായി. മാന്തുകയിലെ മലങ്കര കത്തോലിക്ക കൂട്ടായ്മയിലേക്കും നിരവധി കുടുംബങ്ങൾ ചേർന്നു. ഇത്രയും ആളുകൾ കുർബാനയിൽ സംബന്ധിക്കാൻ ചാപ്പൽ അപര്യാപ്തമാകയാൽ കാരയ്ക്കാട് ഇന്നു കാണുന്ന സ്ഥലത്തേക്ക് ദേവാലയം മാറ്റി സ്ഥാപിച്ചു. പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 35 സെന്റ് സ്ഥലം ഇടവകാംഗങ്ങളായ ഏഴു പേർ വിലയ്ക്ക് വാങ്ങി ദേവാലയം സ്ഥാപിക്കുന്നതിനായി ആർച്ച് ബിഷപ്പിന് എഴുതി നൽകി. മുതലാംകടവിൽ ഗീവറുഗീസ്, കുരുമ്പിലേത്ത് കുഞ്ഞുമ്മൻ യോഹന്നാൻ, തേരകത്തിനാൽ കൊച്ചുചെറുക്കൻ, മലഞ്ചരുവിൽ കൊച്ചു-കുഞ്ഞ് ഗീവറുഗീസ്, തലക്കാവിൽ ഈപ്പൻ മത്തായി, വെങ്ങാട്ടൂർ ഇടിക്കുള എന്നിവരാണ് ഈ സംരംഭത്തിന് നേതൃത്വം നൽകിയ ഇടവകാംഗങ്ങൾ. പിന്നീട് തലക്കാവിൽ വർഗീസ്, ആലിന്റെ കിഴക്കേതിൽ ചാണ്ടി എന്നിവർ അവരുടെ വസ്തുവിന്റെ കുറച്ച് ഭാഗം ഔദാര്യപൂർവ്വം ഇടവകയ്ക്ക് നൽകി. മൂന്നേകാൽ ഏക്കറിൽ ബാക്കിയുള്ള സ്ഥലം ചുറ്റുപാടുമുള്ള ഹൈന്ദവരിൽ നിന്നും മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം സഭയ്ക്ക് വേണ്ടി സഭയുടെ മുക്തിയാർ ആയിരുന്ന മലഞ്ചരിവിൽ മത്തായി സാർ വിലയ്ക്ക് വാങ്ങി. മാർ ഈവാനിയോസ് പിതാവിന്റെ അഭ്യർത്ഥനയെ തുടർന്ന് ആലപ്പുഴക്കാരനായ കയർ വ്യവസായി ശ്രീ.പൊത്തൻ ജോസഫ് ഈ സ്ഥലത്ത് ഒരു ദേവാലയം പണിയാനുള്ള പണം മുടക്കാൻ തയ്യാറായി മുന്നോട്ട് വന്നു. ആയതിൻ പ്രകാരം മാർ ഈവാനിയോസ് പിതാവിന്റെ അനുജനായ മത്തായി പണിക്കരുടെ മേൽനോട്ടിലാണ് അതി മനോഹരമായ ഈ ദേവാലയം പണി കഴിപ്പിച്ചത്. മിഷണറി പ്രവർത്തനങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ സിറോ-മലബാർ സഭയിൽ നിന്നുള്ള നിരവധി വൈദീകരും മിഷണറിമാരും കാരയ്ക്കാട് ദേവാലയത്തോട് ചേർന്ന് വൈദിക മന്ദിരം കേന്ദ്രീകരിച്ച് ദീർഘനാൾ താമസിച്ച് സമീപ പ്രദേശങ്ങളിൽ മിഷൻ പ്രവർനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഈശോ സഭാംഗമായ റവ.ഫാ ജോർജ് കണ്ടത്തിൽ അച്ചൻ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട വ്യക്തിയാണ്.

സി.എം.ഐ അഥവാ കർമ്മലി സന്യാസികൾ 1921-ൽ തന്നെ കാരയ്ക്കാട് പ്രദേശത്ത് പുനരൈക്യ പ്രവർത്തനം തുടങ്ങിയിരുന്നു. അന്നത്തെ ചങ്ങനാശ്ശേരി ആതിരൂപത മെത്രാനായ ജെയിംസ് കാളാശ്ശേരി തിരു

മേനിയുടെ നിർദ്ദേശപ്രകാരം റവ.ഫാ.ഗ്രിഗറി, റവ. ഫാ. എസ്തഫാനോസ് എന്നിവർ കാരയ്ക്കാട്- മാന്തുക കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനം നടത്തിയിരുന്നു

കൊല്ലം ബിഷപ്പായിരുന്ന ബൻസിഗർ തിരുമേനിയുടെ നിർദ്ദേശപ്രകാരം 1921-ൽ മാന്തുക കേന്ദ്രീകരിച്ച് പന്തളം കത്തോലിക്കമിഷൻ എന്ന പേരിൽ മിഷൻ കേന്ദ്രം സ്ഥാപിച്ചിരുന്ന റവ.ഫാ.സ്റ്റീഫൻ തച്ചിൽ, റവ.ഫാ.ഹയസിത്തു കുന്നുമ്മൽ എന്നിവരാണ് അതിന് നേതൃത്വം നൽകിയത്. എന്നാൽ ഈ പ്രദേശത്ത് മിഷൻ പ്രവർത്തനം വിജയകരമല്ലായിരുന്നതിനെ തുടർന്ന് മിഷണറിമാർ തുമ്പമൺ പ്രദേശത്തേക്ക് പ്രവർത്തനം മാറ്റി.

കാരയ്ക്കാട് ഇന്നത്തെ ദേവാലയവും വൈദികമന്ദിരവും പണികഴിപ്പിച്ച ശേഷം നിരവധി മിഷനറിമാർ ഇവിടെ സ്ഥിരതാമസമാക്കി പ്രവർത്തിച്ചിരുന്നു. ജെസ്യൂട്ട്, ഫ്രാൻസിസ്കൻ വൈദികരും, വിദേശമിഷനറിമാരും കാരയ്ക്കാട് മേട കേന്ദ്രീകരിച്ച് ചെങ്ങന്നൂർ-പന്തളം പ്രദേശങ്ങളിൽ സുവിശേഷ പ്രവർനങ്ങളിൽ ഏർപ്പെട്ടിരുന്നു. അവരുടെ അക്ഷീണ പ്രവർനങ്ങളുടെ ഫലമായി നിരവധി ഹൈന്ദവ കുടുംബങ്ങൾ ഇടവകയിൽ ചേരുകയുണ്ടായി. അക്കാലങ്ങളിൽ ദരിദ്രജനവിഭാഗങ്ങൾക്ക് വിദേശരാജ്യങ്ങളുടെ സഹായത്തോടെ അതിരൂപതയിൽ നിന്നും എത്തിക്കുന്ന സൂചിഗോതമ്പ്, പാൽപ്പൊടി തുടങ്ങിയ ഭക്ഷ്യ-വസ്തുക്കൾ സൗജന്യമായി മേട കേന്ദ്രീകരിച്ച് വിതരണം ചെയ്തിരുന്നു. ചുരുക്കത്തിൽ ആദ്യകാലത്ത് കാരയ്ക്കാട് മദ്ധ്യതിരുവിതാംകൂറിലെ ഒരു നല്ല മിഷൻ കേന്ദ്രമായിരുന്നു. സഭയിലേക്ക് ചേർന്ന ഭൂരിപക്ഷ ഹൈന്ദവ കുടുംബങ്ങളും പിൽക്കാലത്ത് പല കാരണങ്ങളാൽ സഭ വിട്ടു പോയി. മലങ്കര കത്തോലിക്ക സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്ക ബാവയ്ക്ക് മാമോദിസ നൽകിയത് ഈ ഇടവകയിൽ വച്ചാണ്. 1935 നവംബർ 24 (കൊല്ലവർഷം 1110 വൃശ്ചികം 9)-ാം തീയതി ജെയിംസ് എന്ന നാമധേയിൽ മാമോദിസാ സ്വീകരിച്ചത് (രജിസ്റ്റർ ക്രമനമ്പർ-21 ).

**4) ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള വികാരിമാരുടെ പേര് & വർഷം**

| | | |
|---|---|---|
| 1. റവ.ഫാ. ചാണ്ടിപ്പിള്ള പമ്പൂരേത്ത് | - | (1931-1949) |
| 2. റവ.ഫാ. അലക്സാണ്ടർ പമ്പൂരേത്ത് | - | (1949-1969) |
| 3. റവ.ഫാ. ജോൺ പുത്തൻവിളയിൽ | - | (01/06/1969-14/10/1973) |
| 4. റവ.ഫാ. മാത്യു വാഴപ്പിള്ളേത്ത് | - | (15/10/1973-19/07/1974) |
| 5. റവ.ഫാ. തോമസ് മരുതൂർ | - | (20/07/1974-02/08/1977) |
| 6. റവ.ഫാ. ശാമുവേൽ തുണ്ടിയിൽ | - | (03/08/1977-12/06/1981) |
| 7. റവ.ഫാ. മാത്യു പൊൻമേലിൽ | - | (13/06/1981-02/06/1987) |
| 8. റവ.ഫാ. ഇടിക്കുള പാണ്ടിയത്ത് | - | (03/06/1987-06/06/1989) |
| 9. റവ.ഫാ. കുര്യൻ വാലുപറമ്പിൽ | - | (07/06/1989-04/11/1989) |
| 10. റവ.ഫാ. ഗീവറുഗീസ് മാടമണ്ണൽ | - | (05/11/1989-19/03/1994) |
| 11. റവ.ഫാ. ജോസഫ് കടകംപള്ളിൽ | - | (20/03/1994-24/05/1997) |
| 12 റവ.ഫാ.റോയി ജോർജ് വയലിറക്ക് | - | (25/05/1997-12/09/1999) |
| 13. റവ.ഫാ. ജോസ് ചരുവിൽ | - | (13/09/1999-31/12/2001) |
| 14. റവ.ഫാ. തോമസ് കുഴിനാപുറത്ത് | - | (01/01/2002-27/11/2002) |

15. റവ.ഫാ. ജോർജ് കോട്ടപ്പുറം (അസി:) - (27/01/2002 - 06/06/2002)

16. റവ.ഫാ. തോമസ് പൊൻമേലിൽ - (28/11/2002 - 16/04/2010)

17. റവ.ഫാ. ജോഷ്വാ താഴത്തേതിൽ - (17/04/2010 - 29/05/2012)

18. റവ.ഫാ. സെബാറ്റ്യൻ കിഴക്കേതിൽ - (30/05/2012 - 31/05/2014)

19. റവ.ഫാ.തോമസ് ആലുനിൽക്കുന്നതിൽ - (01/06/2014 - 31/05/2015)

20. റവ.ഫാ. ദാനിയേൽ ബഥേൽ - (01/06/2015 - 20/04/2017)

21. റവ.ഫാ. മാത്യു പുതുപറമ്പിൽ - (21/04/2017 - 09/06/2018)

22. റവ.ഫാ. ഗീവറുഗീസ് പുതുപറമ്പിൽ - (10/06/2018 - 21/07/2019)

23. റവ.ഫാ. ജോൺ.ജി.വടക്കേപുറം - (22/07/2019 - തുടരുന്നു)

**5) ഇടവകയിലെ ആകെ കുടുംബങ്ങൾ 96 (രജിസ്റ്റർ പ്രകാരം)**

**6) ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ**

1. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ1982-ൽ നഴ്സറി സ്കൂൾ സ്ഥാപിച്ചു, പിന്നീട് എൽ.പി. സ്കൂളായി ഉയർത്തി. മാന്തുകയിലും പരിസര പ്രദേശങ്ങളിലെയും ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇതായിരുന്നു. സ്കൂൾ ബസിനുണ്ടായ ഒരപകടം സ്കൂളിന്റെ നിലനിൽപ്പിനെ ബാധിക്കുകയും 1999-ൽ സ്കൂളിന്റെ പ്രവർത്തനം നിലച്ചു.

2. സെന്റ് ജൂഡ് ദേവാലയം, കുളനട1994-ൽ കുളനടയിൽ ഈ ഇടവകയുടെ ചാപ്പലായി വിശുദ്ധ യുദാ തദ്ദേവൂസിന്റെ നാമധേയിൽ ഒരു ദേവാലയം പണികഴിപ്പിച്ചിരുന്നു. 1998 മുതൽ കുളനട ദേവാലയം ഒരു സ്വതന്ത്ര്യ ഇടവകയായി മാറ്റപ്പെട്ടു.

3. ഡി. എം. കോൺവെന്റ്, കാരയ്ക്കാട് 2002 മാർച്ച് 4 ന് ദേവാലയിന് സമീപമുള്ള വാടകവീട്ടിലായിരുന്നു മഠം ആരംഭിച്ചത്. 2004 ഒക്ടോബർ 23-നാണ് ഇന്നു കാണുന്ന സ്ഥലത്ത് കോൺവെന്റ് കെട്ടിടം സ്ഥാപിച്ചത്.

4. സെന്റ് ജോസഫ് പാരിഷ് ഹാൾ ദേവാലയ പരിസരത്ത് നിന്നിരുന്ന സണ്ടേസ്കൂൾ കെട്ടിടം പൊളിച്ച് നീക്കി, തൽസ്ഥാന് 618 ചതുരശ്രമീറ്റർ വലുപ്പമുള്ള ഒരു ആഡിറ്റേറിയം 2016-ൽ നിർമ്മിച്ചു.

**7) ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. റവ.ഫാ.ഗീവറുഗീസ് കിളന്നമണ്ണിൽ (Late)

2. റവ.ഫാ.ചാണ്ടപ്പിള്ള ചാമ്പൂരേത്ത് (Late)

3. റവ. ഫാ. അലക്സാണ്ടർ പമ്പൂരേത്ത് (Late)

4. റവ. ഫാ. ജേക്കബ് കിളന്നമണ്ണിൽ (Late)

5. റവ.ഫാ. ജോൺ ചക്കുള്ളിടത്ത്

6. റവ.ഫാ. ജോസഫ് കുരുമ്പിലേത്ത്

7. റവ.ഫാ. ജെയിംസ് വെങ്ങാട്ടൂർ

8. റവ.ഫാ. ഷനിഷ് ജോസ് തുണ്ടിപറമ്പിൽ (പുനലൂർ രൂപത)

**8). ദേവാലയം പുതുക്കി പണിതത് കുദാശ ചെയ്ത തിയതി** - പുതുക്കി പണിതിട്ടില്ല

**9). ഇടവകയുമായി ബന്ധപ്പെട്ട സുപ്രധാന ദിനങ്ങൾ** –